**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** | **28-07-2021 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സൈബർ ഇടപാടുകളുടെ ഭാഗമായി ജനങ്ങൾ ചതിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സൈബർ ഇടപാടുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട കരുതലുകൾ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ; | (ബി) | പോലീസ് വകുപ്പിലെ ബോധവൽക്കരണത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത് സ്റ്റേറ്റ് പോലീസ് മീഡിയാ സെന്ററും പോലീസ് സോഷ്യൽ മീഡിയ സെല്ലുമാണ്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെപ്പറ്റി വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിച്ച് സമൂഹ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചാരണം നടത്തുന്നുണ്ട്. ഇന്ന് ലോകത്തെ ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരള പോലീസിന്റെത്. ഏകദേശം 5 ലക്ഷത്തിലധികം പേർ ഇതിലെ ഉള്ളടക്കങ്ങൾ പങ്കുവക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ഇതിനു പുറമേ പൊതു ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ തലത്തിലുള്ള ക്ലാസുകളും നൽകിവരുന്നുണ്ട് |
| (സി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ - അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ, റാൻസംവയർ/ മാൽവെയർ അറ്റാക്ക്, എന്നിവയെക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ അസെറ്റ്കളുടെ സുരക്ഷക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിനു പുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ് വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചു വരുന്നു. കേരള പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ/ അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | സൈബർ ഇടപാടുകൾ അതിവേഗം പ്രചാരത്തിൽ വരുന്ന സാഹചര്യത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനങ്ങൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടി വരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. കൃത്രിമ ബുദ്ധി സാങ്കേതികവിദ്യ വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതിക വിദ്യക്ക് നിർണ്ണായകപങ്കുണ്ട്. Data-കൾ, ഫോട്ടോഗ്രാഫുകൾ, CCTV Footageകൾ, കുറ്റകൃത് ങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വരുന്നു. ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ഡ്രോൺ സാങ്കേതിക വിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയും കുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. Unmanned Arial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റുവാൻ ഇതുവഴി സാധിക്കും. ഡ്രോൺ ഫോറൻസിക് ലാബ് ഡ്രോണുകളുടെ ദുരുപയോഗം കണക്കിലെടുത്ത്, അവയുടെ സഞ്ചാരപഥവും മറ്റു വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കും. ഡാർക്ക് നെറ്റ് മോണിറ്ററിങ് ടൂൾ ഡാർക്ക് നെറ്റ് വഴി മയക്കുമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി, റാൻസാം വെയർ / |

| | | | | |
|---|---|---|---|---|
| | | | | മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ടത് അനിവാര്യമാണ്. റിസേർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനു വേണ്ടി ഒരു basicടൂൾ ഡെവലപ്പ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്ക് പുറമെ ഈ ടൂളിനോട് കൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ Development, ‘Hac-KP 2021’-ന്റെ ഭാഗമായി നടന്നു വരുന്നു. വിക്ടിം ഐഡൻറിഫിക്കേഷൻ സിസ്റ്റം സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റഫോമുകളിൽ കുട്ടികളുടെ അശ്ളീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെ തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസലിങ്ങിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ളീല ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ